# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 916** **20/03/2012 ൽ മറുപടിക്ക്**

## പാഠപുസ്തകങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും അടിസ്ഥാനത്തിൽ ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിച്ചുവരികയാണ്. ഇതിനകം ഒന്നുമുതൽ പത്തുവരെയുള്ള പരിഷ്കരണം പൂർത്തിയായി. ഇപ്പോൾ പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ പരിഷ്ക്കരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) നിലവിലുള്ള പാഠപുസ്തകങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | ബി) നിലവിലുള്ള പാഠപുസ്തകങ്ങളിൽ പരാതികളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെട്ട പാഠപുസ്തകങ്ങൾ പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| സി) അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പൊതു സമൂഹത്തിന്റേയും നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ പരിഗണിക്കുമോ; | സി) ഇത്തരത്തിൽ പാഠപുസ്തകങ്ങളിലെ പ്രശ്നങ്ങൾ സമൂഹത്തിലുള്ള ആർക്കും ചൂണ്ടികാണിക്കാവുന്നതാണ്. അഭിപ്രായങ്ങൾ ലഭിച്ചാൽ അവ പരിശോധിക്കുകയും ഭേദഗതി ആവശ്യമുണ്ടെങ്കിൽ ഉടൻതന്നെ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. |
| ഡി) പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) പാഠപുസ്തകങ്ങളുടെ ഉള്ളടക്കം മെച്ചപ്പെടുത്തുന്നതിന് ഓരോ പാഠപുസ്തക രചനയുമായി ബന്ധപ്പെടുത്തി ഒരു കമ്മിറ്റിക്ക് രൂപം കൊടുക്കുന്നു. ഈ കമ്മിറ്റിയിൽ ഒരു ചെയർമാനും |

(......2)

അഡ്ഡ്വൈസറും പത്തിനും ഇരുപതിനും ഇടയിൽ അംഗങ്ങളും ഉണ്ടാകും. ഇവരാണ് പാഠപുസ്തകം തയ്യാറാക്കുന്നത്. പാഠ്യപദ്ധതി സംബന്ധിച്ച ദേശീയ കാഴ്ചപ്പാടുകൾ, അന്തർദേശീയ കാഴ്ചപ്പാടുകൾ എന്നിവ കൂടി പരിഗണിച്ചാണ് കേരള പാഠ്യപദ്ധതി നിശ്ചയിക്കുന്നത്. പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപക സഹായിയും തയ്യാറാക്കണം എന്ന കാഴ്ചപ്പാട് സ്വീകരിച്ചുകൊണ്ടാണ് പാഠപുസ്തകം തയ്യാറാക്കേണ്ടത്.

സെക്ഷൻ ഓഫീസർ